പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T*4444 17.12.2014 ൽ മറുപടിക്ക്

<u>പാമ്പാർ, ഭവാനി നദികളിൽ അണക്കെട്ട് നിർമ്മിക്കുന്നതിനുള്ള പദ്ധതി</u>

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ.എൻ.എ.ഖാദർ | | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ്മന്ത്രി) |
| (എ)പാമ്പാർ, ഭവാനി നദികളിൽ അണക്കെട്ട് നിർമ്മിക്കുന്നതിനുള്ള പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ; | (എ) | പാമ്പാർ നദിയുടെ പോഷകനദിയായ ചെങ്ങളാറിൽ; പട്ടിശ്ശേരിയിൽ നിലവിലുള്ള തടയണ പുതുക്കിപ്പണിത് ഒരു അണക്കെട്ട് നിർമ്മിക്കുന്നതിനുള്ള പദ്ധതിക്കും ഭവാനി ബേസിനിൽ, നിലവിലുള്ള വനം-പരിസ്ഥിതി നിയമങ്ങളിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് ഒരു അണക്കെട്ട് നിർമ്മിക്കുന്നതിനുള്ള പദ്ധതിക്കും രൂപം നൽകിയിട്ടുണ്ട്. |
| (ബി)എങ്കിൽ ഈ പദ്ധതിയുടെ നിലവിലത്തെ സ്ഥിതി എന്താണ്; | (ബി) | പാമ്പാർ നദിയുടെ പോഷകനദിയായ ചെങ്ങളാറിൽ പട്ടിശ്ശേരിയിൽ നിലവിലുള്ള തടയണ പുതുക്കിപ്പണിത് ഒരു അണക്കെട്ട് നിർമ്മിക്കുന്ന പദ്ധതിക്ക് സർക്കാർ ഉത്തരവ് നം.327/13/WRD തീയതി 23.03.2013 പ്രകാരം ഭരണാനുമതിയും, സർക്കാർ ഉത്തരവ് നം.92/14/WRD തീയതി 28.01.2014 പ്രകാരം സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ഈ പ്രവർത്തി ടെണ്ടർ ചെയ്ത് എഗ്രിമെന്റ് വെച്ചിട്ടുണ്ട്. 03.11.2014-ൽ ടി പ്രവർത്തിയുടെ നിർമ്മാണോത്ഘാടനവും നടന്നു.<br><br>കാവേരി ട്രൈബ്യൂണലിന്റെ അന്തിമ വിധി വന്നതിന്റെ അടിസ്ഥാനത്തിൽ ഭവാനി ബേസിനിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന AVIP എന്ന പദ്ധതിക്ക് G.O.(Rt) |

No.1031/2012/WRD dt.22.08.2012 പ്രകാരം, തത്വത്തിലുള്ള അംഗീകാരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ CPWD നിരക്കിൽ DPR തയാറാക്കി വരുന്നു.

പദ്ധതിക്കാവശ്യമായ പരിസ്ഥിതി ആഘാത പഠനം NEERI നടത്തി റിപ്പോർട്ട് സമർപ്പിച്ചു . SEIAA യിൽ നിന്നും പാരിസ്ഥിതികാനുമതി ലഭിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. അതുപോലെ റിസ്ക് അനാലിസിസ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ കൂടി തയാറാക്കേണ്ടതുണ്ട്. അതിനായുള്ള പ്രവർത്തനങ്ങളും നടത്തി വരുന്നു.

| | |
|---|---|
| (സി) ഈ പദ്ധതിക്ക് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; | (സി) പാമ്പാർ ബേസിനിൽ തുടങ്ങാനുദ്ദേശിച്ചിട്ടുള്ള പദ്ധതിക്കായി പട്ടിശ്ശേരി ഡാമിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് നിയമപരമായ തടസ്സങ്ങളൊന്നും നിലവിലില്ല. എന്നാൽ തമിഴ്നാട് സർക്കാർ പ്രസ്തുത പദ്ധതിയെ എതിർത്തുകൊണ്ട് ചില തടസ്സങ്ങൾ ഉന്നയിച്ചിട്ടുണ്ട്. ഭവാനി ബേസിനിൽ തുടങ്ങാനുദ്ദേശിക്കുന്ന പദ്ധതിമൂലം മുങ്ങിപോകാവുന്ന വനഭൂമിക്ക് പകരം 73 ഹെക്ടർ സ്ഥലം കണ്ടെത്തി വനം വകുപ്പിന് കൈമാറേണ്ടതുണ്ട്. പദ്ധതി ആരംഭിക്കുന്നതിന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിയും ലഭിക്കേണ്ടതുണ്ട്. |
| (ഡി)ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്നും എന്തെങ്കിലും നിർദ്ദേശങ്ങൾ ലഭ്യമായിട്ടുണ്ടോ; എങ്കിൽ വിവരം ലഭ്യമാക്കുമോ? | (ഡി) മുകളിൽ സൂചിപ്പിച്ച പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽ നിന്നും നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ